**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം.</u>**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-അന്യത്ര സേവനത്തിനു ശേഷം ആരോഗ്യ വകുപ്പിൽ പുനർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1. G.O (Rt) No.832/2024/H&FWD dated 16.03.2024**
**2.ഡോ. സോമസുന്ദരൻ.പിയുടെ അപേക്ഷ തീയതി 25.03.2025**

**<u>ഉത്തരവ് നം. ഇ.ബി1-3226/2024/ആ.വ.ഡ തീയതി : 29-03-2025</u>**

ആരോഗ്യ വകുപ്പിൽ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയി സേവനത്തിലിരിക്കേ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അന്യത്ര സേവനത്തിൽ പ്രവേശിച്ച ഡോ. സോമസുന്ദരൻ.പി യുടെ അന്യത്ര സേവന കാലയളവ് **25.03.2025** തീയതിയിൽ അവസാനിച്ചതിനാൽ ടിയാൾക്ക് ആരോഗ്യ വകുപ്പിൽ പുനർ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം **(2)** പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. സോമസുന്ദരൻ.പി **(PEN: 680678)**-യെ കോഴിക്കോട് ജില്ലയിലെ **നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ** നിലവിൽ ഒഴിവുള്ള ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമിച്ചു ഉത്തരവാകുന്നു.

**2025** ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്ന അവസരത്തിൽ ആവശ്യമെങ്കിൽ ടി ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.

ഡോ. സോമസുന്ദരൻ.പി, അടിയന്തിരമായി ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക

വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 29-03-2025 15:10:11
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ

പകർപ്പ് :
1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
2. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്
3. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, കോഴിക്കോട്
4. ഫയൽ/കരുതൽ ഫയൽ